**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** **30-07-2021 - ൽ മറുപടിയ്ക്ക്**

**വനം കയ്യേറ്റം തടയാനും ഒഴിപ്പിക്കാനും നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2011-ൽ സംസ്ഥാനത്തെ വനവിസ്തൃതി എത്ര ഹെക്ടർ ആയിരുന്നുവെന്ന് അറിയിക്കുമോ; ആയത് 2021-ൽ എത്ര ഹെക്ടർ ആണെന്ന് അറിയിക്കുമോ; | (എ) | വനം വകുപ്പിന്റെ 2012-13 ലെ ഭരണ റിപ്പോർട്ട് പ്രകാരം 2011 ൽ സംസ്ഥാനത്തെ വന വിസ്തൃതി 11,30,947.54 ഹെക്ടർ (11309.4754 ച.കി.മീ) ആണ്. 2018-2019 ലെ ഭരണ റിപ്പോർട്ട് പ്രകാരം 31.03.2019-ൽ 11,52,005.8 ഹെക്ടർ (11520.058 ച.കി.മീ) ആണ്. 2021 ലെ വനവിസ്തൃതി നിലവിൽ കണക്കാക്കിയിട്ടില്ല. |
| (ബി) | കഴിഞ്ഞ സർക്കാർ കാലയളവിൽ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചുവെന്ന് അറിയിക്കുമോ; | (ബി) | കഴിഞ്ഞ സർക്കാർ കാലയളവിൽ 28.02.2020 വരെ 211.6223 ഹെക്ടർ (522.9302 ഏക്കർ) വനം കൈയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. |
| (സി) | വനം വകുപ്പിന്റെ കണക്കുകൾ പ്രകാരം എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ടെന്ന് അറിയിക്കുമോ; കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം അറിയിക്കുമോ; | (സി) | വനം വകുപ്പിന്റെ 30.06.2020 വരെയുള്ള കണക്കുകൾ പ്രകാരം 5024.535 ഹെക്ടർ വനം കൈയ്യേറ്റം ഒഴിപ്പിക്കാനുണ്ട്. കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ട്. ടി കേസുകളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ പൂർത്തീകരിക്കാനാകൂ. |
| (ഡി) | കയ്യേറ്റം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ | (ഡി) | സംസ്ഥാനത്ത് വനം കൈയ്യേറ്റം തയടുന്നതിന് ചുവടെ ചേർക്കുന്ന നടപടികളാണ് പ്രധാനമായും സ്വീകരിച്ചു വരുന്നത്:- 1. വനം കൈയ്യേറ്റം തടയുന്നതിനായി വനാതിർത്തി പുനർ നിർണ്ണയം നടത്തി സ്ഥിരം ജണ്ടകൾ സ്ഥാപിച്ചും സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും നടപടി |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | | സ്വീകരിച്ചു വരുന്നു. 2. പുതിയ വനം കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾ തന്നെ തടയുകയും ഇപ്രകാരമുള്ള പുതിയ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് കയ്യേറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. 3. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചും സംരക്ഷണ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചും വന സംരക്ഷണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 4. കൂടുതൽ വാഹനങ്ങളും, വയർലസ്സ് സ്റ്റേഷനുകളും അത്യാധുനിക സാങ്കേതിക വിദ്യകളും സംയോജിപ്പിച്ച് സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിൽ തീർപ്പാകാതെ കിടക്കുന്നുവെന്ന് അറിയിക്കുമോ; | (ഇ) | വനം കൈയ്യേറ്റവുമായി ബന്ധപ്പെട്ട് 30.06.2020 ലെ കണക്ക് പ്രകാരം 261 കേസ്സുകളാണ് തീർപ്പാക്കാതെ കിടക്കുന്നത്. |
| (എഫ്) | കഴിഞ്ഞ പത്ത് വർഷത്തിനിടെ കാട്ടുതീമൂലം എത്ര ഹെക്ടർ വനം കത്തി നശിച്ചുവെന്ന് അറിയിക്കുമോ? | (എഫ്) | കഴിഞ്ഞ പത്ത് വർഷത്തിനിടെ കാട്ടുതീമൂലം 17696.05 ഹെക്ടർ വനം കത്തി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ